പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3711

15.12.2014-ൽ മറുപടിക്ക്

## വിമുക്തഭടന്മാർക്ക് വീട്ടുകരത്തിൽ ഇളവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എ. അസീസ് | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) വിമുക്ത ഭടന്മാരുടെയും വിധവകളുടെയും പേരിലുള്ളതും അവർ താമസിക്കുന്നതിന് ഉപയോഗിക്കുന്നതുമായ ഭവനങ്ങൾക്ക് തറവിസ്തീർണ്ണം നോക്കാതെ വീട്ടുകരം ഒഴിവാക്കി സ. ഉ. (എം.എസ്) നം: 171/09 ത.സ്വ.ഭ.വ തീയതി 29.08.2009 ഉത്തരവിട്ടിരുന്നത്, 2000 ചതുരശ്ര അടിയിൽ താഴെയുള്ള വീടുകൾക്ക് മാത്രമാക്കി സ:ഉ. (എം.എസ്) നം:242/2013/ത.സ്വ.ഭ.വ തീയതി 2.7.2013 ഉത്തരവിറക്കിയതിലൂടെ നല്ലൊരു വിഭാഗം വിമുക്ത ഭടന്മാരും ഈ ആനുകൂല്യം ലഭിക്കാതെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പരാതി ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വീടിന്റെ വിസ്തൃതി കുറച്ച് ഉത്തരവിറക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | | വിമുക്തഭടന്മാർ/അവരുടെ വിധവകൾ/ അംഗവൈകല്യം സംഭവിച്ച ജവാന്മാർ/ ജവാന്മാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസാവശ്യത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ളതോ അവരുടെ ഭാര്യമാരുടെ പേരിലുള്ളതോ ആയ ഭവനത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി വിവിധ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും |
| (സി) | ആഡംബര നികുതി ഈടാക്കുന്നത് 3000 ച: അടിയിൽ കൂടുതലുള്ള വീടുകൾക്ക് മാത്രമാണെന്നിരിക്കെ വിമുക്ത ഭടന്മാർക്കുള്ള ഈ ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) & (സി) | പ്രസ്തുത ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ അപേക്ഷ പോലും വാങ്ങാതെ നികുതിയിളവ് അനുവദി ക്കുന്നതായും, നികുതിയിളവ് സ്ഥിരമായി അനുവദിച്ചുനൽകുന്നതായും ഉടമസ്ഥാ വകാശം മാറ്റിയിട്ടും ഇളവ് തുടർന്നുവരുന്നതായും മൂന്ന് സേനാ വിഭാഗങ്ങളിൽ (കര, നാവിക, വ്യോമ സേന) സേവനം അനുഷ്ഠിച്ചവർക്കാണ് അർഹതയെങ്കിലും മറ്റ് വിഭാഗങ്ങളിൽപ്പെട്ട വർക്കും നികുതിയിളവ് അനുവദിച്ച് നൽകുന്നതായും മതിയായ സത്യവാങ് മൂലം വാങ്ങാതിരിക്കുന്നതായും നികുതി യിളവിനുള്ള അർഹത പുന:പരിശോധ നയ്ക്ക് വിധേയമാക്കാതിരിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കര, നാവിക, വ്യോമ സേനാവിഭാഗങ്ങളിലെ വിമുക്തഭടന്റെയോ/ അവരുടെ വിധവയുടെയോ ഉടമസ്ഥത യിലുള്ളതും അവർ യഥാർത്ഥ താമസാ വശ്യത്തിനായി ഉപയോഗിക്കുന്നതും |

തറവിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്തതുമായ ഒരു വീടിന് വസ്തുനികുതി ഒഴിവാക്കിക്കൊണ്ട് 2.07.2013-ലെ സ.ഉ.(എം.എസ്.) നമ്പർ 242/2013/തസ്വഭവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ